പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4751

18.12.2014 ൽ
മറുപടിക്ക്

# അനധികൃത പാറ ഖനനം

ചോദ്യം
ശ്രീ.പി.കെ.ഗുരുദാസൻ :
ശ്രീ. ബി.സത്യൻ
ശ്രീ. എസ്.രാജേന്ദ്രൻ
ശ്രീ. ബാബു എം. പാലിശ്ശേരി

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ ഭൂമി കയ്യേറി പാറ ഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ സർക്കാർ ഭൂമി കൈയ്യേറി പാറഖനനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇത്തരം കേസുകളിൽ പരിശോധന നടത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസി സങ്കേതങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽപ്പോലും ഭൂമി കയ്യേറിയുള്ള അനധികൃത ഖനനം നടക്കുന്ന കാര്യം അറിവുള്ളതാണോ; ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ; | (ബി) | കോട്ടയം, കോഴിക്കോട് ജില്ലകളിൽ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) | മുക്കുന്നിമലയിൽ ഇത്തരത്തിലുള്ള എത്ര കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | മുക്കുന്നിമലയിൽ ആദിവാസി സങ്കേതങ്ങൾ നിലവിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ പ്രസ്തുത സ്ഥലത്ത് സർക്കാർ പാറയിൽ അനധികൃത കൈയ്യേറ്റം ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. മുക്കുന്നിമലയിലെ നിയമാനുസൃതമല്ലാത്ത ക്വാറികൾ നിർത്തലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ഇ) | സർക്കാർ ഭൂമി കയ്യേറിയുള്ള ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾക്ക് ഉദ്യോഗസ്ഥരുടെ ഒത്താശയുണ്ടെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സെക്ഷൻ ഓഫീസർ |